"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - തിരുവനന്തപുരം ജില്ല - കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, 2008 - ഭൂമിയുടെ സ്വഭാവവ്യതിയാനത്തിന് ഫീസ് ഇനത്തിൽ തെറ്റായി ഈടാക്കിയ തുക ശ്രീ.ആർ.മുരുകന് തിരികെ നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1289/2026/RD തീയതി,തിരുവനന്തപുരം, 08-07-2026

---

പരാമർശം:-

1. തിരുവനന്തപുരം ആർ.ഡി.ഒ.യുടെ 29.06.2022 തീയതിയിലെ RDOTVM/6789/2021-I നമ്പർ നടപടിക്രമം.
2. തിരുവനന്തപുരം ആർ.ഡി.ഒ. യുടെ 15.10.2022 തീയതിയിലെ RDOTVM/5605/2022-I7 നമ്പർ നടപടിക്രമം.
3. തിരുവനന്തപുരം ആർ.ഡി.ഒ. യുടെ 18.09.2025 തീയതിയിലെ 1228/2025/I1 നമ്പർ നടപടിക്രമം.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 12.05.2026 തീയതിയിലെ LR/10998/2025-LR(A4) നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ, തിരുവനന്തപുരം താലൂക്കിൽ, മണക്കാട് വില്ലേജിൽ ബ്ലോക്ക് 2-ൽ റീ സർവ്വേ നമ്പർ 36/40-1-ൽ ഉൾപ്പെട്ട ഒരേ വസ്തുവിന് തന്നെ രണ്ടു തവണ തരംമാറ്റം അനുവദിച്ചപ്പോഴും ഫീസ് ഈടാക്കിയതായും തെറ്റായി ഈടാക്കിയ തുക റീഫണ്ട് ചെയ്തുനൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പി.ആർ.എസ്. ഹോസ്പിറ്റൽ പ്രൈവറ്റ് ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ശ്രീ.ആർ.മുരുകൻ അപേക്ഷ സമർപ്പിച്ചിരുന്നു.

2. തിരുവനന്തപുരം താലൂക്കിൽ മണക്കാട് വില്ലേജിൽ ബ്ലോക്ക് 2-ൽ റീ സർവ്വേ 36/40-1-ൽ ഉൾപ്പെട്ട ഭൂമിയുടെ ന്യായവിലയിൽ സർക്കാർ കാലാനുസൃതമായി വരുത്തിയിട്ടുള്ള വർദ്ധനവ് പ്രകാരം ആർ ഒന്നിനു 30,00,000/- രൂപ വിലയിട്ടിട്ടുള്ളതും, RDOTVM/6789/2021 നമ്പരായി അപേക്ഷിച്ച 10.12 ആർ വിസ്തീർണം ഉള്ള ഭൂമി പരിവർത്തനപ്പെടുത്തുന്നതിലേക്കായി ടി ഭൂമിക്ക് ന്യായ വിലയുടെ 20% പ്രകാരം 60,72,000/- രൂപ ഒടുക്കു വരുത്തുന്നതിനു ആർ. ഡി.ഒ. നിർദേശിച്ചിട്ടുള്ളതും, ടി തുക 07.04.2022-ൽ KL000706722202223M നമ്പർ ചലാൻ പ്രകാരം ശ്രീ. ആർ. മുരുകൻ ഒടുക്കിയിട്ടുള്ളതും, സൂചന (1) പ്രകാരം പരിവർത്തനാനുമതി ഉത്തരവ് നൽകുകയും ചെയ്തിട്ടുള്ളതാണ്.

3. എന്നാൽ തിരുവനന്തപുരം താലൂക്കിൽ, മണക്കാട് വില്ലേജിലെ ബ്ലോക്ക് നമ്പർ 02-ൽ, റീ സർവ്വേ നമ്പർ 36/40-1 ൽ 10.12 ആർ, സർവ്വേ നമ്പർ 36/1-ൽപ്പെട്ട 03.09 ആർ ഉൾപ്പടെ ആകെ 13.21 ആർ പരിവർത്തനപ്പെടുത്തുന്നതിനായി RDOTVM/5605/2022/17 എന്ന നമ്പരായി ശ്രീ. മുരുകൻ നൽകിയ അപേക്ഷ പ്രകാരം ടി ഭൂമിക്ക് ന്യായ വിലയുടെ 10% അനുസരിച്ച



File No. PB2/3632/2025-REV (Computer No. 3289443)
Generated from eOffice by NANDINI S G, ASST (PB2) REV, ASST (PB2) REV, Revenue Department on 13/07/2026 11:06 AM

39,63,000/-രൂപ 19.09.2022-ൽ KL016193674202223M നമ്പർ ചലാൻ പ്രകാരം ടിയാൻ ഒടുക്കിയിട്ടുള്ളതും, സൂചന (2) പ്രകാരം പരിവർത്തനാനുമതി ഉത്തരവ് നൽകുകയും ചെയ്തിട്ടുള്ളതാണ്. അതു പ്രകാരം തിരുവനന്തപുരം താലൂക്കിൽ, മണക്കാട് വില്ലേജിൽ ബ്ലോക്ക് 2-ൽ റീ സർവ്വേ 36/40-1-ൽ ഉൾപ്പെട്ട ഒരേ വസ്തുവിന് തന്നെ രണ്ടു തവണ തരംമാറ്റം അനുവദിച്ചപ്പോഴും ഫീസ് ഒടുക്കിയതായി കാണുന്നു.

5.പരിവർത്തന ഫീസായി ന്യായ വിലയുടെ 20% ഈടാക്കേണ്ടിയുള്ളതിനാൽ സൂചന (2) പ്രകാരം അടവാക്കിയ തുകയിൽ 18,54,000/-രൂപ പരിവർത്തന ഫീസായി ഈടാക്കിയതായി കണക്കാക്കി അധികമായി അപേക്ഷകൻ ഒടുക്ക് വരുത്തിയ 21,09,000/- രൂപ തിരികെ നൽകാവുന്നതാണെന്ന് സൂചന (3) പ്രകാരം തിരുവനന്തപുരം ആർ.ഡി.ഒ നടപടിക്രമം പുറപ്പെടുവിച്ചിട്ടുള്ളതാണ്. മേൽ പ്രകാരം ശ്രീ.ആർ.മുരുകനിൽ നിന്നും ഈടാക്കിയ 21,09,000/- രൂപ തിരികെ നൽകുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കണമെന്ന് സൂചന (4) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ, തിരുവനന്തപുരം താലൂക്കിൽ, മണക്കാട് വില്ലേജിൽ ബ്ലോക്ക് 2-ൽ റീസർവ്വേ 36/40-1-ൽ ഉൾപ്പെട്ട 10.12 ആർ ഭൂമി സ്വഭാവ്യതിയാനം വരുത്തുന്നതിനായി ഫീസ് ഇനത്തിൽ തെറ്റായി ഈടാക്കിയ 21,09,000/- (ഇരുപത്തിയൊന്ന് ലക്ഷത്തി ഒൻപതിനായിരം രൂപ) രൂപ ശ്രീ. ആർ. മുരുകന് തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

7.ലാൻഡ് റവന്യൂ കമ്മീഷണർ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതും കേരള നെൽവയൽ- തണ്ണീർത്തട സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാൽ പ്രസ്തുത നിയമപ്രകാരം ഫീസിനത്തിൽ ഈടാക്കുന്ന തുക തിരികെ നൽകുന്ന വേളയിൽ ആയതിന്റെ കണക്ക് വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗീത എ ഐ എ എസ്

അഡിഷണൽ സെക്രട്ടറി

1.ശ്രീ.ആർ.മുരുകൻ, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, പി.ആർ.എസ് ഹോസ്പിറ്റൽ പ്രൈവറ്റ് ലിമിറ്റഡ്, കിള്ളിപ്പാലം, കരമന, തിരുവനന്തപുരം - 695002.
2.അക്കൗണ്ടന്റ് ജനറൽ (എ & ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
3.ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
4.ജില്ലാ കളക്ടർ, തിരുവനന്തപുരം.
5.റവന്യൂ ഡിവിഷണൽ ഓഫീസർ, തിരുവനന്തപുരം.
6.ധനകാര്യ (വ്യയം-ഡി) വകുപ്പ് (19.06.2026 തീയതിയിലെ 3506051/EXP-D1/273/2026-FIN പ്രകാരം അറിവിലേയ്ക്കായി)
7.ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8.ഓഫീസ് കോപ്പി/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം



File No. PB2/3632/2025-REV (Computer No. 3289443)
Generated from eOffice by NANDINI S G, ASST (PB2) REV, ASST (PB2) REV, Revenue Department on 13/07/2026 11:06 AM

സെക്ഷൻ ഓഫീസർ





Generated from eOffice by NANDINI S G, ASST (PB2) REV, ASST (PB2) REV, Revenue Department on 13/07/2026 11:06 AM